# ജി. എം. യു. പി എസ്

# ഇടവ



# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# സ്കൂൾ പ്രൊഫൈൽ

## ജി.എം.യു.പി.എസ്. ഇടവ



**വിലാസം**

ഇടവ
ഇടവ പി.ഒ., 695311

| | |
|---|---|
| സ്ഥാപിതം | 1922 |

**വിവരങ്ങൾ**

| | |
|---|---|
| ഫോൺ | 0470 2660526 |
| ഇമെയിൽ | gmups42244@gmail.com |

**കോഡുകൾ**

| | |
|---|---|
| സ്കൂൾ കോഡ് | 42244 (സമേതം) |
| യുഡൈസ് | 32141200104 |

**വിദ്യാഭ്യാസ ഭരണസംവിധാനം**

| | |
|---|---|
| റവന്യൂ ജില്ല | തിരുവനന്തപുരം |
| വിദ്യാഭ്യാസ ജില്ല | ആറ്റിങ്ങൽ |
| ഉപജില്ല | വർക്കല |

**ഭരണസംവിധാനം**

| | |
|---|---|
| ലോകസഭാമണ്ഡലം | ആറ്റിങ്ങൽ |
| നിയമസഭാമണ്ഡലം | വർക്കല |
| താലൂക്ക് | വർക്കല |
| ബ്ലോക്ക് പഞ്ചായത്ത് | വർക്കല |
| തദ്ദേശസ്വയംഭരണസ്ഥാപനം | ഇടവ പഞ്ചായത്ത് |
| വാർഡ് | 16 |

**സ്കൂൾ ഭരണ വിഭാഗം**

| | |
|---|---|
| സ്കൂൾ ഭരണ വിഭാഗം | സർക്കാർ |
| സ്കൂൾ വിഭാഗം | പൊതുവിദ്യാലയം |
| പഠന വിഭാഗങ്ങൾ | എൽ.പി യു.പി |

**സ്കൂൾ നേതൃത്വം**

| | |
|---|---|
| പ്രധാന അദ്ധ്യാപകൻ | ~~സജിതാബീവി~~ ബിജു.ട |
| പി.ടി.എ. പ്രസിഡണ്ട് | ഷംനാദ് സിന്ധു സുരേന്ദ്രൻ |
| എം.പി.ടി.എ. പ്രസിഡണ്ട് | സിന്ധു |

Unit- 1

**സ്കൂൾ ചരിത്രം.**

**ഗവ: മുസ്ലിം : യു.പി.എസ്സ്. ഇടവ**

**വർക്കല ഉപജില്ല, തിരുവനന്തപുരം ജില്ല.**

ഇടവ മുസ്ലിംങ്ങളുടെ വിദ്യാഭ്യാസത്തെ പൊതുവായും മുസ്ലിം ബാലികമാരുടെ വിദ്യാഭ്യാസത്തെ പ്രത്യേകിച്ചും മുന്നിൽ കണ്ടുകൊണ്ട് ഇടവ കിണറ്റുവിളാകം വീട്ടിൽ യശ്ശരീരനായ എം.ആർ മുഹമ്മദ് കുഞ്ഞ് അവർകൾ 1922 ൽ തുടങ്ങിയതാണ് ഈ വിദ്യാലയം.

വിദ്യാഭ്യാസകാര്യത്തിൽ മറ്റുസ്ഥലങ്ങളെ അപേക്ഷിച്ച് തുലോം പിന്നിലായിരുന്നു ഇടവ.ഇടവാക്കുളം വയലേലയ്ക്ക് സമീപം പണയിൽ പള്ളിക്കൂടം എന്നറിയപ്പെട്ടിരുന്ന ഒരു കുടിപള്ളിക്കൂടം പണ്ട് ഉണ്ടായിരുന്നു.രണ്ടു കൊല്ലം പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയാൽ കാപ്പിൽ കണ്ണമ്മൂട് സർക്കാർ പള്ളിക്കൂടത്തിൽ ചേരണമായിരുന്നു.അന്നത്തെ വരേണ്യ വർഗ്ഗത്തിന് മാത്രമെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാൻ ഭാഗ്യമുണ്ടായിരുന്നുള്ളു.അന്ന് പ്രൈമറി സ്ക്കൂളിൽ പഠിച്ചിരുന്നവർ പതിന്നാലും പതിനഞ്ചും വയസുള്ള കുട്ടികളായിരുന്നു.ചില കുട്ടികൾ മാത്രമാണ് കാപ്പിൽ പോയി പഠിച്ചിരുന്നത്.തന്റെ ഏക പുത്രന് 8 വയസ്സായപ്പോൾ ഒരു വിദ്യാലയത്തിന്റെ ആവശ്യം എം.ആറിന് ബോധ്യപ്പെടുകയും 1922 ൽ അദ്ദേഹം ഇടവയിൽ ഒരു പ്രൈമറി വിദ്യാലയം സ്ഥാപിക്കുകയും ചെയ്തു.ആ സംരഭത്തിന് അദ്ദേഹത്തിന് പ്രചോദനം നൽകിയത് വക്കം മുഹമ്മദ് അബ്ദുൾഖാദർ മൗലവിയാണ്.

കൊല്ലവർഷം 1097 മിഥുന മാസം 6-ാം തീയതി ചൊവ്വാഴ്ച്ചയാണ് സ്ക്കൂൾ പ്രവർത്തനം തുടങ്ങിയത്.206 കുട്ടികൾ അക്കൊല്ലം തന്നെ ഒന്നാം ക്ലാസ്സിൽ പ്രവേശനംനേടി. പി.നാരായണപിള്ള അവർകളായിരുന്നു ആദ്യത്തെ പ്രഥമാധ്യാപകൻ.തുടക്കത്തിൽ തന്നെ അദ്ദേഹത്തെ കൂടാതെ 1 അറബിക് മുൻഷി, 1 ഖുർആൻ അധ്യാപകൻ എന്നിവരുൾപ്പെടെ 8 പേർ ഉണ്ടായിരുന്നു.

ആദ്യത്തെ വിദ്യാർത്ഥി എം.മുഹമ്മദ് അബ്ദുൾ ഖാദർ, ഊളൻ വിളാകം,ഇടവ ആയിരുന്നു.രണ്ടു കൊല്ലം ആയപ്പോൾ രണ്ടാം ക്ലാസ്സിൽ വച്ചു പഠനം നിർത്തി സിംഗപ്പൂരിലേക്ക് പോയി.1099 മിഥുനം 25ന് പേര് നീക്കം ചെയ്തു.

വിദ്യാഭ്യാസത്തിൽ വളരെ പിന്നിലായിരുന്നു ഇടവ.ഈ സ്കൂൾ തുടങ്ങിയതോടെ വളരെ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള അനേകം ആളുകൾ ഇടവയിൽ ഉണ്ടായി. കലാസാംസ്കാരികരംഗത്ത് ഉന്നത നില വാരം പുലർത്തി.

29.3.1951 ൽ ഉടമസ്ഥനായ എം.ആർ. മുഹമ്മദുകുഞ്ഞ് അവർകൾ അന്തരിച്ചു.മകനായ എം.കെ സൈനുദീൻ അവർകൾ മാനേജരായി. അദ്ദേഹം 1952 ൽ ഈ സ്ക്കൂൾ പ്രതിഫലം കൂടാതെ സർക്കാരിനു വിട്ടുകൊടുത്തു.നാട്ടുക്കാരുടേയും പി.ടി.എയുടേയും നിരന്തര ആവ ശ്യപ്രകാരം ഈ സ്ക്കൂൾ യു.പി സ്ക്കൂൾ ആയി ഉയർത്താൻ ഗവൺമെന്റ് തീരുമാനിച്ചു.നാലാം തരം കഴിഞ്ഞാൽ 3 കിലോമീറ്റർ ദൂരെയുള്ള കാപ്പിൽ സ്ക്കൂളിലേക്ക് ബുദ്ധിമുട്ടി യാത്ര ചെയ്ത് കുട്ടി കൾ പോകണമായിരുന്നു.അങ്ങനെ സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യേണ്ട തിന്റെ ആവശ്യകത അവർ സർക്കാരിനെ ബോധ്യപ്പെടുത്തി. അതിന് 1981 ജനുവരിയിൽ തന്നെ ഒരു കമ്മിറ്റി രൂപീകരിച്ചു.ശ്രീ.വർക്കല രാധാ കൃഷ്ണൻ എം.എൽ.എ, പാറയിൽ ഷംസുദീൻ എക്സ്.എം.എൽ.എ, ശ്രീ സദാശിവൻ ഇടവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, അഡ്വ.മുഹമ്മദ് ഷാഫി മുൻ പഞ്ചായത്ത് പ്രസിഡന്റ്, ശ്രീ ഹനീഫ ചലചിത്ര നിർമ്മാ താവ് തുടങ്ങിയവരുള്ള ഒരു കമ്മറ്റിയെ തെരഞ്ഞെടുത്തു.അവരുടെ നിര ന്തരമായ പരിശ്രമഫലമായാണ് സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യാൻ തീരു മാനിച്ചത്.അങ്ങനെ 7/10/1981 ൽ ഗവ:ഉത്തരവാകുകയും 30/10/1981 ൽ 26 കുട്ടികളെ ചേർത്തു കൊണ്ട് യു.പി സെക്ഷൻ പ്രവർത്തനം തുട ങ്ങുകയും ചെയ്തു. തുടർന്നുള്ള വർഷങ്ങളിൽ 6 ,7 എന്നീ സ്റ്റാൻഡേർഡുകൾ കൂടി ആയി, ഇടവ ഗവൺമെന്റ് മുസ്ലിം യു.പി. സ്ക്കൂൾ ആയി.

കേരള രാഷ്ട്രിയത്തിൽ ജ്വലിച്ചു നിന്ന നേതാവും കേരള ത്തിലെ പൊതുമരാമത്തു വകുപ്പു മന്ത്രിയുമായിരുന്ന യശശ്ശരീരനായ ടി.എ.മജീദ് അവർകൾ ഈ സ്ക്കൂളിലെ വിദ്യാർത്ഥിയും തുടർന്ന് കുറ ച്ചുനാൾ ഇവിടെ അധ്യാപകനുമായിരുന്നു.

2000-01 വരെ വളരെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചു വരു കയായിരുന്നു ഈ സ്ക്കൂൾ.450 കുട്ടികളും 18 ജീവനക്കാരും ഉണ്ടായി രുന്നു.അനിയന്ത്രിതമായി അനംഗീകൃത സ്ക്കൂളുകളുടെ കടന്നുകയ റ്റം,രക്ഷാകർത്താക്കൾക്ക് ഇംഗ്ലീഷ് ഭാഷയോടും ആവേഷത്തോടുമു ള്ള അമിതമായ ആകർഷണംമൂലം കുട്ടികളെ ഇവിടെ നിന്നു മാറ്റി. അങ്ങനെ ഈ സ്ക്കൂളിലെ കുട്ടികളുടെ എണ്ണം പകുതിയായി ചുരുങ്ങി

ഇപ്പോൾ കടലോര മേഖലയിലെ സാമ്പത്തിക പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ മാത്രം ആശാ കേന്ദ്രമായി ഈ സ്ക്കൂൾ. ഇപ്പോൾ ഒന്നു മുതൽ 7 വരെ ക്ലാസ്സുകളിലായി 120 കുട്ടികളും അറബിക്, ഹിന്ദി അധ്യാപകരുൾപ്പടെ 9 അധ്യാപകരുമുണ്ട്.

പഠനപ്രവർത്തനത്തിലും പാഠ്യേതര പ്രവർത്തനത്തിലും സാമാന്യം മെച്ചപ്പെട്ട കുട്ടികളാണ് ഈ സ്കൂളിൽ ഉള്ളത്.

Unit-2

## നമ്മുടെ വിദ്യാലയകാഴ്ചപ്പാട്

ക്ലാസ് മുറിയിൽ പഠനം നടത്തുന്ന മുഴുവൻ കുട്ടികളുടെയും സജീവവും സർഗാത്മകവുമായ പങ്കാളിത്തം പഠന പ്രവർത്തനങ്ങളിൽ ഉറപ്പാക്കുക.

ഓരോ കുട്ടികളുടെയും കഴിവ് തിരിച്ചറിഞ്ഞ് അത് ഏറ്റവും മികച്ച നിലയിലേക്ക് ഉയർത്താനും വളർത്താനും സാധിക്കുക.അതിന് അനുഗുണമായ തരത്തിൽ എല്ലാ അർത്ഥത്തിലുമുള്ള അവസര തുല്യതയും നീതിയും ഓരോ കുട്ടിക്കും ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക.

വിദ്യാലയ പരിസരം അസംബ്ലിഹാൾ, കളിസ്ഥലം, ആകർഷകമായ പൂന്തോട്ടം, മാലിന്യനിക്ഷേപത്തിനും സംസ്കാരത്തിനും ആവശ്യമായ സംവിധാനം , പഠനത്തിന് കൈത്താങ്ങാവുന്ന വിധമുള്ള ജൈവ വൈവിധ്യം എന്നിവയോട് കൂടി മികവുറ്റതാക്കുക.

ക്ലാസ് മുറികൾ ഭിന്നശേഷി വിഭാഗകുട്ടികളുൾപ്പെടെ എല്ലാ വിദ്യാർത്ഥികൾക്കും ഉപയോഗിക്കാവുന്ന അനുയോജ്യമായരീതിയിൽ മനോഹരമായി ക്രമീകരിച്ച ഫർണിച്ചറുകൾ, സർഗാത്മക കഴിവുകളുടെ പോഷണത്തിനുതകുന്ന കലാപഠനം, പ്രവൃത്തി പഠനം എന്നീ പരിശീലനത്തിന് സൗകര്യമുള്ള മുറികളും സാധന സാമഗ്രികളും ഒരുക്കി സജ്ജമാക്കുക.

ക്ലാസ് ലൈബ്രറി പഠനസമയത്തും അല്ലാതെയും പ്രയോജനപ്പെടുത്തി കുട്ടികളെയും രക്ഷിതാക്കളെയും വായനയിലേക്ക് നയിക്കുക. ഓരോ പഠിതാവിനും പരീക്ഷണങ്ങൾ ചെയ്യുന്നതിനായി ലാബ് സജ്ജീകരിക്കുക.പഠന ബോധന പ്രക്രിയയിൽ കംപ്യൂട്ടറും ഡിജിറ്റൽ ഉപകരണങ്ങളും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ആവശ്യനുസരണം ലഭ്യമാക്കുന്ന തരത്തിൽ സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കുക.

പഠിതാക്കളെക്കുറിച്ച് രക്ഷിതാക്കൾ, മറ്റു കുട്ടികൾ എന്നിവരിൽ നിന്ന് അധ്യാപകൻ ശാസ്ത്രീയമായി വിവരങ്ങൾ ശേഖരിച്ച് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ കുട്ടിയുടെ വ്യക്തിഗതമായ പഠനരീതി, കഴിവുകൾ എന്നിവ തിരിച്ചറിഞ്ഞ് ശാക്തീകരിക്കുക.അധ്യാപകർ ആവശ്യമുള്ള സന്ദർഭങ്ങളിൽ സഹാധ്യാപകരുടെ പിന്തുണ, ആവശ്യമായ വിഭവസ്രോതസ്സുകൾ എന്നിവ ഉപയോഗപ്പെടുത്തി അവരുടെ വിഷയ പരിജ്ഞാനവും നൈപുണികളും കൂടുതൽ മെച്ചപ്പെടുത്തുന്നു.ക്ലാസ്സിത് പരസ്പര വിനിമയം, അഭിപ്രായ സ്വാതന്ത്ര്യം, ചോദ്യങ്ങൾ ചോദിക്കൽ സമസംഘ പഠനസാധ്യകതൾ, പാഠാസൂത്രണം,

പഠനോപകരണങ്ങളുടെ ഉപയോഗം മെച്ചപ്പെടുത്തുക.

കുട്ടിക്ക് സ്വയം പഠനത്തിന് അവസരമൊരുക്കുന്നതിനായി അധ്യാപകൻ പര്യവേഷണം, സർവേ, സംവാദം, ചർച്ച,സെമിനാർ അഭിമുഖം, സഹപഠനം, സഹവർത്തിത പഠനം, പരീക്ഷണം തുടങ്ങിയ പഠനതന്ത്രങ്ങൾ ഉപയോഗിക്കുക.

കുട്ടികളുടെ പ്രകടനം, ഉൽപ്പന്നം എന്നിവ വിലയിരുത്തി ആവശ്യമായ തുടർ പ്രവർത്തനം ഫലപ്രദമായ രീതിയിൽ നടത്തുക.സ്വയം നിയന്ത്രിത അച്ചടക്കത്തിനും ഫലപ്രദമായ പഠത്തിനുമായി പഠിതാവും അധ്യാപകരും ചേർന്ന് ക്ലാസ് മാനേജ്മെന്റ് നിയമങ്ങൾ ഉണ്ടാക്കുക. വിലയിരുത്തലിനെ പഠന ബോധപ്രവർത്തനങ്ങളുടെ അവിഭാജ്യഘടകമായി പരിഗണിച്ച് നിരന്തര വിലയിരുത്തൽ, മുൻകാലവിലയിരുത്തൽ രേഖകൾ പരിശോധിക്കൽ, പാഠ്യേതര മേഖലയിലുള്ള കഴിവുകൾ മെച്ചപ്പെടുത്തൽഎന്നിവ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുക.

അധ്യാപകർ TLM,പ്രാദേശിക വിഭവങ്ങളും,ഐസി.ടി. വിഭവങ്ങൾ, ലാബോറട്ടറികൾ,ലൈബ്രറി തുടങ്ങിയ പാഠഭാഗങ്ങളുമായി ഉദ്ഗ്രഥിച്ച് യഥാവിധി ഉപയോഗിക്കുക, പഠിതാക്കളുടെ ഹാജർ മെച്ചപ്പെടുത്തുന്നതിന്.സ്ക്കൂൾ റിസോഴ്സ് ഗ്രൂപ്പ്, SMC, PTA എന്നിവയുമായി ബന്ധപ്പെട്ട ഒറ്റപ്പെട്ട ഹാജരില്ലായ്മയുമായി ബന്ധപ്പെട്ട വസ്തുതകൾ യഥാസമയം ചർച്ച ചെയ്ത് പരിഹരിക്കുക.

എല്ലാ പഠിതാക്കൾക്കും സഹപഠിതാക്കളുമായും ഇടപഴുകികൊണ്ട് ക്ലാസ്റൂം പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്ത് സഹ വൈജ്ഞാനികമേഖലയിലെ കഴിവുകളെ കണ്ടെത്തുകയും അവയെ പരിപോഷിപ്പിക്കാൻ ആവശ്യമായ അവസരങ്ങളും പരിശീലനങ്ങളും നൽകുക.

ഓരോ കുട്ടികളുടെയും പഠനപുരോഗതി വിഷയ ബന്ധിതമായി വിലയിരുത്തി പ്രതിമാസ PTA യോഗത്തിൽ വിലയിരുത്തി ഒന്നാം ക്ലാസ്സിൽ തുടങ്ങുന്ന പഠനപുരോഗതി രേഖ വർഷാവർഷം നവീകരിച്ച് സ്ക്കൂൾ കാലഘട്ടത്തിന്റെ അവസാനം വരെ കൈമാറ്റം ചെയ്യുന്നതിനുള്ള സംവിധാനം നടപ്പാക്കുക.

വിദ്യാലയം ദൈനംദിന ക്ലാസ്റൂം പ്രവർത്തനങ്ങളെയും ജീവിത നൈപുണി വികാസത്തെയും ഉദ്ഗ്രഥിച്ച് സർഗാത്മകത, വിമർശനാത്മക ചിന്ത, ശാസ്ത്ര ബോധം, യുക്തി ചിന്ത, തീരുമാനമെടുക്കൽ, ആശയ വിനിമയം,കാര്യകാരണബന്ധം കണ്ടെത്തൽ എന്നിവയുടെ ഗുണമേന്മ ഉയർത്തുക, പഠിതാക്കൾ PTA സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വിദ്യാലയത്തിനകത്തും പുറത്തും പഠന പ്രവർത്തനങ്ങളുടെ

ഭാഗമായി കാർഷിക പരിസ്ഥിതി പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുക. എല്ലാ പഠിതാക്കൾക്കും നിശ്ചിത പഠന നേട്ടം കൈവരിക്കാനുള്ള ധാരാളം പ്രവർത്തനങ്ങൾ നിരന്തരമായി ഏറ്റെടുത്ത് നടപ്പിലാക്കുക.പഠിതാക്കളുടെ പഠന മികവ് സമൂഹവുമായി പങ്ക് വയ്ക്കുക, പഠനമികവുകൾ, സൃഷ്ടികൾ തുടങ്ങിയവ പ്രദർശിപ്പിക്കുക.പഠനതെളിവുകൾ പോർട്ട്ഫോളിയോ തുടങ്ങിയവ കൃത്യമായി സൂക്ഷിക്കുകയും പരിശോധനക്കായി ലഭ്യമാക്കുകയും ചെയ്യുക,അവധിക്കാലത്തു തന്നെ പുതിയ വർഷത്തെ ചുമതലകൾ വിഭജിച്ചു നൽകുക.ഓരോ മാസാവസാനത്തിലും അധ്യാപകരും പ്രഥമാധ്യാപകനും സ്വയം വിലയിരുത്തി രേഖകൾ മേലധികാരിക്ക് നൽകുക.കുട്ടികളുടെ മാനസിക പ്രശനങ്ങൾ യഥാവിധി കൈകാര്യം ചെയ്യുന്നതിനും പരിഹരിക്കുന്നതിനും സഹായക സമിതികൾ രൂപീകരിക്കുക.കൗമാര കൗൺസിലിംഗ് സംവിധാനം നടപ്പിലാക്കുക.

ശുചിത്വവും ആരോഗ്യവുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾ, ആരോഗ്യ ശില്പശാലകൾ, രക്ഷകർത്താക്കൾക്കുള്ള ആരോഗ്യ ബോധവത്കരണ ക്ലാസ്സുകൾ എന്നിവ നടത്തുക.

പ്ലാസ്റ്റിക് വിരുദ്ധ കാമ്പസ്, ജൈവമാലിന്യം,അജൈവമാല്യനം വേർതിരിച്ച് സംസ്ക്കരിക്കൽ, ശുചിത്വസേന, ആരോഗ്യ ക്ലബ് എന്നിവയുടെ പ്രവർത്തനങ്ങൾ ഊർജിതമാക്കുക.

ആവശ്യത്തിന് ടോയ്ലറ്റ്, തിളപ്പിച്ച കുടിവെള്ളം ലഭ്യമാക്കൽ, ഭക്ഷണമെനു,പെൺകുട്ടികൾക്ക് പ്രത്യേക വിശ്രമമുറി എന്നിവ ലഭ്യമാക്കുന്നതിന് ഉള്ള സംവിധാനം മെച്ചപ്പെടുത്തുക. നിശ്ചിത സമയത്ത് SMC, PTA ,SDMC മീറ്റിംഗുകൾ വിളിച്ച് അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.വിദ്യാലയത്തിനകത്തും പുറത്തും മുഴുവൻ സ്ഥലവും പഠന പ്രവർത്തനങ്ങൾക്കിണങ്ങുന്ന രീതിയിൽ പ്രവർത്തിക്കുന്നതിനു വേണ്ട ചർച്ചകൾ ഉയർത്തികൊണ്ടു വരുന്നു.

പാഠ്യപദ്ധതി വിനിമയത്തിനിണങ്ങുന്ന രീതിയിൽ പ്രാദേശിക വിഭവങ്ങളെയും, അറിവുകളെയും കണ്ടെത്തുകയും അവയെ ജീവിത നൈപുണ്യവുമായി ബന്ധിപ്പിക്കുന്നതിനാവശ്യമായ ആസൂത്രണം നടത്തുക.

സമൂഹത്തെ പഠനപരിസരമായി ഉപയോഗിച്ച് പ്രത്യേക തൊഴിൽ നൈപുണ്യയുമായി ഉദ്ഗ്രഥിച്ച് ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. വിദഗ്ധരുടെ സേവനം വിദ്യാലയത്തിലെത്തിക്കുകയും അവരുടെ അഭിമുഖങ്ങളിലൂടെ അറിവുകൾ ശേഖരിക്കുകയും ചെയ്യുക.

തൊഴിൽ ശാലകൾ, വായനശാലകൾ,കാർഷിക കേന്ദ്രങ്ങൾ തുടങ്ങി വിവിധ കേന്ദ്രങ്ങൾ സന്ദർശിക്കുക.വിദ്യാലയത്തിനാവശ്യമായ വിഭവങ്ങൾ സമാഹരിക്കുന്നതിനായി വിദ്യാലയവും സമൂഹവും സന്നദ്ധസംഘടനകൾ,കോർപ്പറേറ്റ് സ്ഥാപനങ്ങൾ പൂർവ്വവിദ്യാർത്ഥി സംഘടനകൾ എന്നിവയുമായി നിരന്തരം ബന്ധപ്പെടുക.

Unit-3

## പൊതു പദ്ധതികൾ

1. കുട്ടിയെ അറിയൽ

**ലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികളുടെ കുടുംബപരവും സാമൂഹികവും സാമ്പത്തിക വുമായ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശാസ്ത്രീയ മായി ( ചോദ്യവലി, ചെക്ക് ലിസ്റ്റ്) ശേഖരിക്കുക.
- എല്ലാ കുട്ടികളുടെയും പഠനരീതി, പഠനവേഗത വൈവിധ്യങ്ങൾ, പരി മിതികൾ ഇവ ശാസ്ത്രീയമായി കണ്ടെത്തുക.
- ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ വ്യക്തിഗത മായ പഠനരീതി, കഴിവുകൾ എന്നിവ തിരിച്ചറിഞ്ഞ് ശാക്തീകരി ക്കുക.
- എല്ലാ കുട്ടികളുടെയും ശാരീരിക മാനസിക ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുക.

**പ്രവർത്തനങ്ങൾ**

(1) സർവേ

ഓരോ കുട്ടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ചോദ്യാവലി, ചെക്ക്‌ലിസ്റ്റ് എന്നിവയുടെ സഹായത്തോടെ സഹപാഠികൾ,രക്ഷ കർത്താക്കൾ, മുൻ ക്ലാസ്സിലെ അധ്യാപകർ തുടങ്ങിയവരിൽ നിന്ന് ക്ലാസ്സ് ടീച്ചറുടെ ആഭിമുഖ്യത്തിൽ ശേഖരിക്കുന്നു.ഓരോ കുട്ടിയെകുറിച്ചും പഠന രേഖ തയ്യാറാക്കുന്നു.

(2) പഠനരീതി നിർണയശില്പശാല

അവധിക്കാലത്ത് നടത്തുന്ന ക്ലാസ്സ് തല ഏകദിന ശില്പശാലയിൽ വച്ച് വിവിധ ആശയങ്ങൾ ,വിവിധ ബോധന രീതിയിൽ അവതരിപ്പിച്ച് വിലയിരുത്തൽ നടത്തുന്നു.ഓരോ കുട്ടിക്കും അഭികാമ്യമായ രീതി കണ്ടെത്തുന്നു.എല്ലാവരേയും പരിഗണിക്കുന്നതിന് ഉതകുന്ന പഠന ബോധന തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നു.

(3) ആരോഗ്യപരിശോധന ക്യാമ്പ്

പൂർവ്വ വിദ്യാർത്ഥി സംഘടനകളുടെ ആഭിമുഖ്യത്തിൽ അവധിക്കാ ലത്ത് ആരോഗ്യ പരിശോധന ക്യാമ്പ് സംഘടിപ്പിക്കുന്നു.കുട്ടികളുടെ ശാരീരിക ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നു.

(4) എന്റെ കുട്ടി രൂപീകരണരേഖ.

സർവ്വെ പഠനരീതി നിർണയ ശില്പശാല, ആരോഗ്യപരിശോധനാ ക്യാമ്പ് എന്നിവയിലൂടെ ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി അവധിക്കാലത്ത് തന്നെ ഓരോ കുട്ടിയെ കുറിച്ചും പഠന രേഖ തയ്യാറാക്കുന്നു.

II. അധ്യാപകർ- ഗവേഷകർ

- വിഷയത്തെയും പഠന - ബോധന തന്ത്രങ്ങളെയും കുറിച്ച് അധ്യാപകരുടെ ധാരണ കാലാനുസൃതമാക്കുക.
- അധ്യാപകർ സ്വയം മുൻകൈ എടുത്തു കൊണ്ട് ആവശ്യമുള്ള സന്ദർഭങ്ങളിൽ സഹാധ്യാപകരുടെ പിന്തുണ,ആവശ്യമായ വിഭവസ്രോതസ്സുകൾ എന്നിവ ഉപയോഗപ്പെടുത്തി അവരുടെ വിഷയ പരിജ്ഞാനവും നൈപുണികളും മെച്ചപ്പെടുത്തുക.
- കുട്ടികളുടെ പഠനരീതി, പഠനവേഗത എന്നിവയിലെ വ്യത്യാസം പരിഗണിച്ച് പഠന ബോധന തന്ത്രങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെ ക്കുറിച്ച് ഗവേഷണങ്ങളും ട്രൈ ഔട്ടുകളും നടത്തുക.

പ്രവർത്തനങ്ങൾ

II. 1. അധ്യാപകരുടെ വായനക്കുറിപ്പ് പ്രസിദ്ധീകരണം.

അധ്യാപകർ അവരവരുടെ വിഷയങ്ങളുമായും പഠന ബോധനവുമായും ബന്ധപ്പെട്ട പുസ്തകങ്ങൾ വായിച്ച് വായനകുറിപ്പുകൾ തയ്യാറാക്കുന്നു. ഇവ ഉൾപ്പെടുത്തി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നു.

II. (2). മാസത്തിൽ ഒരു ശനിയാഴ്ച സബ്ജക്ട് കൗൺസിൽ അതാത് കൺവീനറുടെ നേതൃത്വത്തിൽ ചേരുന്നു.ഓരോ കൗൺസിലിലേക്കുമുള്ള അജണ്ട മുൻകൂട്ടി തീരുമാനിക്കും.

(3) ആക്ഷൻ റിസർച്ച്

ഹൈടെക്ക് ക്ലാസ്സിലെ ബോധനം എന്നവിഷയത്തിൽ ഓരോ വിഷയാധ്യാപകർ ആക്ഷൻ റിസർച്ച് നടത്തുന്നു.

III. ജനാധിപത്യ വത്കരണം

ലക്ഷ്യങ്ങൾ :

- പഠിതാവും അധ്യാപകരും ചേർന്ന് ജനാധിപത്യ രീതിയിൽ ക്ലാസ് മാനേജ്മെന്റ് നിയമങ്ങൾ രൂപീകരിക്കുക.

- കുട്ടികളിൽ സ്വയം നിയന്ത്രിത അച്ചടക്കം പാലിക്കുന്നതിനുള്ള തന്ത്രങ്ങൾ നടപ്പിലാക്കുക .
- പരസ്പര വിനിമയത്തിന് അനുകൂലവും അനുയോജ്യവുമായ പഠനാന്തരീക്ഷം ക്ലാസ്സിൽ ഒരുക്കുക.
- ക്ലാസ്സ്മുറി ആകർഷകവും ശുചിത്വ പൂർണ്ണവുമായി സൂക്ഷിക്കുന്നതിനുള്ള ചുമതല കുട്ടികൾ സ്വയം ഏറ്റെടുക്കുക.
- ജനാധിപത്യ ഭരണ സംവിധാനങ്ങളുടെ പ്രവർത്തനം കുട്ടികൾ അനുഭവിച്ചറിയുന്നതിനുള്ള സന്ദർഭങ്ങൾ സൃഷ്ടിക്കുക.
- മതേതര ജനാധിപത്യ ബോധം വികസിക്കുന്നു .

## പ്രവർത്തനങ്ങൾ

(1) ക്ലാസ് ഭരണഘടന നിർമ്മാണം

കുട്ടികളുടെ പൂർണ്ണപങ്കാളിത്തത്തോടെ ക്ലാസ്തല ഭരണഘടന നിർമ്മിക്കുന്നു. പൊതു അംഗീകാരത്തോടെ നിയമാവലി പ്രസിദ്ധീകരിക്കുന്നു.ഭരണനിർവഹണത്തിനുള്ള വിവിധ വകുപ്പുകൾ, നീതിന്യായം തുടങ്ങിയവയ്ക്ക് ഗ്രൂപ്പ് ചുമതലകൾ തീരുമാനിക്കുന്നു.ചുമതലകൾ കൈമാറി കൊണ്ട് ആഴ്ചയിൽ 1 മണിക്കൂർ നീതിനിർവഹണ ചർച്ചക്കായി മാറ്റി വയ്ക്കുന്നു.ടൈംടേബിളിൽ വേണ്ട ക്രമീകരണം വരുത്തുന്നു.

III. (2) സ്ക്കൂൾ ഭരണകൂടം

ഇന്ത്യൻ ഭരണക്കൂട സംവിധാനത്തിന്റെ മാതൃകയിൽ കുട്ടികളുടെതായ സ്ക്കൂൾ ഭരണകൂടം രൂപീകരിക്കുന്നു. പൊതു ജനാരോഗ്യം ശുദ്ധജല വിതരണം, ആഭ്യന്തരം, വാർത്താ വിനിമയം, കായികം, കലാസംസ്ക്കാരം, നീതിന്യായം, ടൂറിസം,വൈദ്യുതി വിതരണം, ഗതാഗതം മാനവ വിഭവം തുടങ്ങിയ വകുപ്പുകൾ ഉൾപ്പെടുത്തി കുട്ടികളുടെ മന്ത്രിസഭയും എക്സിക്യൂട്ടീവും ജുഡീഷ്യറിയും എല്ലാ വർഷവും ജൂലൈയിൽ തന്നെ എസ്.എം.സി യുടെ പിന്തുണയോടെ എസ്സ്.ആർ.ജി കൺവീനറുടെ നേതൃത്വത്തിൽ രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നു.

(3) മന്ത്രിസഭായോഗം എല്ലാ ബുധനാഴ്ച്ചയും 4 മണിക്ക് യോഗം ചേരും.

**IV. ലിംഗ സമത്വം.**

**ലക്ഷ്യങ്ങൾ.**

- സ്ത്രീപുരുഷ പദവിയും തുല്യതയും സംബന്ധിച്ച് ഉയർന്ന ധാരണയുടെ അടിസ്ഥാനത്തിൽ നിലപാട് സ്വീകരിക്കുന്നതിനും പെരുമാറു-

ന്നതിനുമുള്ള മനോഭാവം ഈ വിദ്യാലയത്തിലെ എല്ലാ കുട്ടികളിലും അധ്യാപകരിലും വികസിപ്പിക്കുക.

- വിദ്യാലയത്തിലെ എല്ലാ വിധ അനുഭവങ്ങളും ആൺ പെൺ വിവേചനമല്ലാത്തതും അവസര തുല്യത ഉറപ്പാക്കുന്നതുമാക്കുക.
- പെൺസൗഹൃദ സമീപനം എല്ലാ പ്രവർത്തനങ്ങളിലും പ്രതിഫലിപ്പിക്കുക
- ജൻഡർ രേഖയുടെ അടിസ്ഥാനത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ വിലയിരുത്തി പെൺസൗഹൃദ വിദ്യാലയ സങ്കല്പം യാഥാർഥ്യമാക്കുക
- എല്ലാ പെൺകുട്ടികൾക്കും ആത്മവിശ്വാസവും പ്രതികരണ ശേഷിയും അറിവിന്റെ കരുത്തും വിമർശനാവബോധവും വിശകലന ശേഷിയും ഉറപ്പാക്കുക.

## പ്രവർത്തനങ്ങൾ

**(1) ജൻഡർ നയതന്ത്ര രൂപീകരണശില്പശാല**

സ്ത്രീപുരുഷ പദവിയും തുല്യതയും സംബന്ധിച്ച് ഉയർന്ന ധാരണയുടെ അടിസ്ഥാനത്തിൽനിലപാട് സ്വീകരിക്കുന്നതിനും പെരുമാറുന്നതിനുമുള്ള മനോഭാവം ആ വിദ്യാലയത്തിലെ എല്ലാ കുട്ടികളിലും അധ്യാപകരിലും വികസിപ്പിക്കുന്നതിനുമുള്ള നയരേഖ രുപീകരിക്കുന്നതിനായി വിദഗ്ദ്ധരുടെ സഹായത്തോടെ ഏപ്രിൽ മാസം ശില്പശാല സംഘടിപ്പിക്കും.നയരേഖ എല്ലാവർക്കും കാണാൻ കഴിയും വിധം പ്രസിദ്ധീകരിക്കും. അതിന് മലയാളം ഡിപ്പാർട്ട്മെന്റ് നേതൃത്വം നൽകും.

## ഗേൾസ് ക്ലബ്ബ് രൂപീകരിക്കും

എല്ലാ പെൺകുട്ടികൾക്കും ആത്മവിശ്വാസവും പ്രതികരണശേഷിയും അറിവിന്റെ കരുത്തും വിമർശനാവബോധവും വിശകലനശേഷിയും ഉറപ്പാക്കാൻ ഉതകുന്ന വിധത്തിൽ ഗേൾസ് ക്ലബ് ജൂലായിൽ തന്നെ രൂപീകരിക്കും.ഓരോ വർഷവും ക്ലബിൽ ആവശ്യമായ മാറ്റം വരുത്തി ക്രമീകരിക്കും.

**IV. (3) ലിംഗസമത്വസമിതി**

വിദ്യാലയത്തിലെ എല്ലാ അനുഭവങ്ങളും ആൺ പെൺ വിവേചനമില്ലാതാക്കുന്നതിനും എല്ലാ വിഭാഗം വിദ്യാർത്ഥികളുടെയും –

അധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുന്നു.വിദ്യാലയത്തിലെ ലിംഗവിവേചനപരമായ പ്രവർത്തനങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ മാർഗനിർദേശം നൽകുന്നു. വിദ്യാർത്ഥിനി സൗഹൃദവിദ്യാലയമായി പ്രഖ്യാപിക്കും.

പൊതുലക്ഷ്യങ്ങൾ

1. ഓരോ കുട്ടിയുടെയും കഴിവുകളും അഭിരുചികളും എന്നിവ മനസിലാക്കി പ്രോത്സാഹനവും പരിശീലനവും നൽകുന്നു.
2. എല്ലാ കുട്ടികളെയും ഏറ്റവും നല്ല വായനക്കാരാക്കുന്നു.
3. അതാത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നു.
4. ആധുനിക സാങ്കേതിക വിദ്യ കൾ പ്രയോജനപ്പെടുത്തി കുട്ടികൾക്ക് മികച്ച പഠനാനുഭവങ്ങൾ ഉറപ്പു വരുത്തുന്നു.
5. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി തുടങ്ങിയവ ശാക്തീകരിച്ചു കുട്ടികൾക്ക് ആവശ്യത്തിന് പ്രയോജനപ്പെടുത്തുന്നു.
6. ഓരോ മാസവും ക്ലാസ്സ് പി ടി എ നടത്തി കുട്ടികളുടെ നിലവാരം രക്ഷകർത്താക്കളെ ബോധ്യപ്പെടുത്തുന്നു.
7. പ്രീപ്രൈമറി 13ഇടങ്ങൾ സജ്ജീകരിച്ചു കുഞ്ഞുങ്ങളെ അറിവിന്റെ ലോകത്തേക്ക് കൈപിടിച്ചുയർത്തുന്നു.
8. വിദ്യാലയ പരിസരം പാർക്ക്, ശലഭ പാർക്ക്, ജൈവ വൈവിധ്യ ഉദ്യാനം, കൃഷി എന്നിവ കൊണ്ട് സമ്പുഷ്ടമാക്കി അറിവ് നിർമാണ ഇടങ്ങളാക്കി മാറ്റും.
9. കുട്ടികളുടെ വിവിധങ്ങളായ കഴിവുകൾ പ്രകടിപ്പിക്കാൻ കഴിയുന്ന തരത്തിൽ ദിനചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. രക്ഷകർത്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കും.
10. ലഹരിവിമുക്ത കേരളം ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും. രക്ഷകർത്താക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കും.
11. ശുചിത്വ മിഷൻ, ഹരിത സേന ഇവയുടെ നേതൃത്വത്തിൽ വിദ്യാലയവും പരിസരവും പ്ലാസ്റ്റിക് വിമുക്തമാക്കും.
12. ഹൈ ടെക്ക് ക്ലാസ് മുറികൾ, ഐ ടി ലാബ് എന്നിവ പൂർണമായും പ്രയോജനപ്പെടുത്തി കൊണ്ടുള്ള പാഠസൂത്രണവും പ്രവർത്തനങ്ങളും നടപ്പാക്കും.

# യൂണിറ്റ് 4 വിഷയതല പദ്ധതികൾ
## മലയാളം

വിഷയതല

ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) മികച്ച വായനക്കാരൻ ( വായനക്കൂട്ടം) മികച്ച എഴുത്തുകാരൻ (എഴുത്തു കൂട്ടം).

വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത്വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാത യിലേക്ക് നയിക്കാൻ ഒരു മഹത് സംരഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തു കാരനാക്കുക ഈ ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗപ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരഭം 2018 -19 അധ്യയന വർഷം ജി.എം.യു.പി.എസ് ഇടവ ഏറ്റെടുക്കുന്ന ഒരു പ്രോജ ക്ട്.

ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്തുകൂട്ടം
- അമ്മവായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- വായനാസാമഗ്രികൾ കണ്ടെത്തുക വികസിപ്പിക്കുക
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക

- ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക
- സാഹിത്യകാരന്മാരുമായുള്ള സംവാദം അഭിമുഖം എന്നിവ സജ്ജീകരിക്കൽ

പ്രവർത്തനങ്ങൾ

1. മലയാളത്തിളക്കം (pre-test) 02.06.17

   പ്രീടെസ്റ്റ് നടത്തുന്നു. പിന്നാക്കക്കാരെ കണ്ടെത്തി.

2. അക്ഷരം ഉറപ്പിക്കൽ (1 month)

   ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

3. അടയാളങ്ങൾ ഉറപ്പിക്കൽ

   ചിത്രസഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ.

4. അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്

   അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

5. ചിത്രം - അടിക്കുറിപ്പ്

   ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ - അധ്യാപികയുടെ സഹായത്തോടെ എഴുതൽ

6. കഥ- ബാക്കി പറയൽ - എഴുതൽ

   ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്നു. ബാക്കി പറയിപ്പിക്കുന്നു എഴുതുന്നു.

7. കഥാപുസ്തകം - നൽകൽ

   വായന, കുറിപ്പ് തയ്യാറാക്കൽ

8. CD പ്രദർശനം

   ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം- എഴുതാനവസരം.

9. ഭിന്നശേഷിക്കാരെ പരിഗണിക്കൽ

   ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് IED അധ്യാപകരുടെ സേവനം.

10. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ

    ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന ഗ്രൂപ്പ് ആക്കി എത്ര പുസ്തകം വായിക്കാം, വായനക്കുറിപ്പ് പുസ്തകം എങ്ങനെ തെര

ഞ്ഞെടുക്കാം (പാഠഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച, വായനാക്കുറിപ്പ് അസംബ്ലി, ആകാശവാണി, ബാലസഭ എന്നിവയിൽ അവതരിപ്പിക്കാനവസരം.

11. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ

കുട്ടികളുടെ സഹായത്തോടെ LP വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ക്ലാസ് ലൈബ്രറി സജ്ജീകരണം.

12. സ്കൂൾ ലൈബ്രറി നവീകരണം

സ്കൂൾ ലൈബ്രറി നവീകരണം, പുസ്തക വിതരണ രജിസ്റ്റർ കുട്ടി ലൈബ്രറിയൻ, പുസ്തക വിതരണം പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം, ബർത്ത്ഡേ പുസ്തക ശേഖരണം.

13. സമീപഗ്രന്ഥശാല അംഗത്വം

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തകവിതരണം, വായന, എഴുത്ത് പ്രോത്സാഹനം, എന്റെ പുസ്തക പ്രകാശനം.

14. വായനോത്സവം സംഘടിപ്പിക്കൽ

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ, വായിച്ച കൃതികളുടെ രംഗാവിഷ്ക്കാരം (പാഠ ഭാഗവുമായി ബന്ധപ്പെട്ട്) ചൊൽക്കാഴ്ച, നാടകങ്ങൾ എന്നിവയുടെ അവതരണം.

15. പത്രവായന

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ- വായന- എഴുത്ത് പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്)

16. അമ്മ വായന

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരെഞ്ഞെടുക്കാനവസരം - വായനാമുറി - വായനാക്കുറിപ്പ് തയ്യാറാക്കൽ - മികച്ച കുറിപ്പ് കണ്ടെത്തൽ - പ്രോത്സാഹനം അമ്മ സാഹിത്യ സമാജം.

17. രൂപീകരിക്കൽ, ശിൽപശാല, പുസ്തക ചർച്ച - വായനാനുഭവം

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം. പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വായനയ്ക്ക് നൽകിയ പുസ്ത

കങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം കഥാപാത്രനിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ ഗ്രന്ഥത്തിൽ ഒരു വിവരണം.

18. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും

ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത. വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനം, മത്സരങ്ങൾ.

19. വായനാ സാമഗ്രികൾ വികസിപ്പിക്കൽ

LP കുട്ടികൾക്കായുള്ള വായനം സാമഗ്രികൾ ശേഖരിക്കൽ, കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രാദേശിക എഴുത്തുകാരുടെയും അധ്യാപകരുടെയും പങ്കാളിത്തമുള്ള രചനാശില്പശാല സംഘടിപ്പിക്കൽ, രചനകൾ സ്പൈറൽ ബൈൻഡ് ചെയ്ത് ഉപയോഗിക്കൽ.

20. ഇ-വായന-സാധ്യത കണ്ടെത്തൽ

വിക്കിപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി, വായനാക്കൂട്ടത്തിന്റെയും എഴുത്തുകൂട്ടത്തിന്റെയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം 'ഇ' പേപ്പറുകൾ പരിചയപ്പെടുത്തൽ വിവിധ കൃതികൾ, കവിത എന്നിവ വീഡിയോ കാണൽ.

വായനാക്കൂട്ടം, എഴുത്തുകൂട്ടം

21. മോണിറ്ററിംഗ്

അധ്യാപകർ, കുട്ടി പ്രതിനിധി രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരന്മാർ BRC, DIET അധ്യാപകർ മറ്റ് സ്കൂളിലെ അധ്യാപകർ എന്നിവരുടെ സേവനം.

22. കാവ്യകൂട്ടം

കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, രക്ഷിതാക്കളുടെ പ്രാദേശിക സാഹിത്യകാരൻ കവികൾ മുതലായവരെ സംഘടിപ്പിക്കൽ കാവ്യക്കൂട്ടം സംഘടിപ്പിക്കുന്നു. (BRC യുടെ സഹായത്തോടെ)

23. എഴുത്തുകൂട്ട രൂപീകരണം

കുട്ടികളെ 5 വീതം എഴുത്ത് കൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന സംഘ രചന എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് ഏത് സാഹിത്യ വിഭാഗത്തിൽ മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു. സഞ്ചരിക്കുന്ന ആസ്വാദന കുറിപ്പ്.

24. പുസ്തകം

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും
ഒരാൾ പുസ്തകത്തെ കുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം. കൈമാറി
കൈമാറി എല്ലാവരുടെയും രചനകളാകുമ്പോൾ അധ്യാപകരുടെ ആസ്വാ
ദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം.

25. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ

മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെ
ടുത്തൽ, വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം ലിസ്റ്റ്
ചെയ്യൽ, വിവിധ മേഖലയിലുള്ള സൃഷ്ടി പരിചയപ്പെടൽ, വിവിധ മേഖല
യിൽ സാഹിത്യ സൃഷ്ടി നടത്തൽ, വിവിധ സാഹിത്യ മേഖലകളിലുള്ള
വ്യക്തികളുടെ ആഗമനം സംവാദം, അഭിമുഖം.

26. പുസ്തക ചർച്ച വായാനുഭവം പങ്കുവയ്ക്കൽ

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ
എന്നിവർക്ക് സ്വാഗതം പാഠഭാഗവുമായി ബന്ധപ്പെട്ട് അധികവായനയ്ക്ക്
നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം, കഥാപാത്ര നിരൂ
പണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ,
മാസത്തിൽ ഒരു ദിവസം.

27. വായനാക്കുറിപ്പ്

ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യ
മായ കൂട്ടി ചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം.

28. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂ
ത്രണം പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരി
ചയപ്പെടുത്താനവസരം- വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ, സാഹിത്യ
കാരന്മാരെ ക്ഷണിക്കൽ.

29. ക്ലാസ്, സ്കൂൾ, ബാലസഭകൾ

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭരൂപീകരണം, സ്കൂളിൽ
യോഗം സംഘടിപ്പിക്കൽ സൃഷ്ടികൾ പ്രകാശനം, പരിചയം അവതരണം,
വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ രൂപീകരണം പൊതുജനപങ്കാളി
ത്തം, സാഹിത്യകാരന്മാരുടെ സാന്നിധ്യം.

30. ദിനാചരണങ്ങൾ

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

31. ആകാശവാണി ക്ലബ്ബ്

കുട്ടികളുടെ സർഗ്ഗവികസനത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ച് കൊണ്ട് ആകാശവാണി ക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാരെ, ക്ലാസുകാരെ കണ്ടെത്തൽ, പ്രോത്സാഹനം സാഹിത്യകാരന്മാരുമായുള്ള സംവാദം.

32. അഭിമുഖം

സാഹിത്യവാസന മെച്ചപ്പെടുത്തൽ കൃതികളെ ആഴത്തിലറിയാൻ, പുസ്തകരചനാ തന്ത്രങ്ങളറിയാൻ, കഥ, കവിത രൂപീകരണം മനസിലാക്കാൻ ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം.

33. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും

ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ തരം പ്രവർത്തനം, മത്സരങ്ങൾ.

34. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക പതിപ്പ്

സർഗ്ഗശേഷി പരിപോഷിപ്പിക്കൽ, ക്ലാസ് തലത്തിൽ, ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പുകൾ തയ്യാറാക്കൽ പ്രകാശനം.

35. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ

പഠനപ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനാക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ- പതിപ്പ്- പ്രകാശനം.

36. പൊതുവേദിയിലെ പ്രകടനങ്ങൾ

കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്ബ്, സർഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. അവസരം നല്കുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനവസരം യോഗങ്ങൾ സംഘടിപ്പിക്കൽ.

37. വ്യക്തിഗത രചന, സംഘരചന

കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയിരുത്തൽ, പുസ്തകം തയ്യാറാക്കൽ.

38. ഭാഷാ പ്രോജക്ടുകൾ

ലക്ഷ്യങ്ങൾ

ഭാഷ

എല്ലാ കുട്ടികളെയും അർഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തിയുള്ളവരാക്കുക.

അവരവരുടെ ക്ലാസ്സിൽ നേടേണ്ട പഠനശേഷി കൈവരിച്ചു എന്നുറപ്പു വരുത്തുക.

സാഹിത്യ അഭിരുചി വളർത്തുക.

മികച്ച വായനക്കാർ ആക്കുക.

സർഗ്ഗാത്മക ശേഷി വളർത്തുക.

ആശയങ്ങൾ വിവിധ വ്യവഹാരരൂപങ്ങളിൽ പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുക.

ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ശേഷികൾ കൈവരിക്കുന്നതിനു സചിത്ര ബുക്കുകൾ പ്രയോജനപ്പെടുത്തുന്നു.

ആധുനിക സാങ്കേതിക വിദ്യകൾ ഭാഷ ശേഷി വികസനത്തിനായി പ്രയോജനപ്പെടുതുക.

വായനമൂല, ക്ലാസ് ലൈബ്രറി എന്നിവ ശാക്തീകരിക്കുന്നു

പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി പിന്തുണ പ്രവർത്തനങ്ങൾ നൽകുന്നു.

സംയുക്ത ഡയറി, സചിത്ര ബുക്ക്, രചനോത്സവം, ഭാഷോത്സവം, കുഞ്ഞെഴുത്ത്, മധുരം മലയാളം, വായനോത്സവം തുടങ്ങിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിലൂടെയും ആശയവതരണ രീതിയിലൂടെ കുട്ടികളുടെ സർഗ്ഗാത്മക, സൗന്ദര്യാത്മക വികാസം, ഭാഷവികാസം, കലാകായിക വികാസം എന്നിവ ആർജിക്കുന്നു.

ഇംഗ്ലീഷ്

ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക

സ്വതന്ത്ര വായന, സ്വതന്ത്ര എഴുത്ത് പ്രോത്സാഹിപ്പിക്കുക.

ആത്മവിശ്വാസത്തോടെ ആശയവിനിമയം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.

വായനമൂല, ക്ലാസ്സ് ലൈബ്രറി ഇവയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

ഹലോ ഇംഗ്ലീഷ്, ഇ ക്യൂബ് ക്ലാസ്സുകളിൽ നടപ്പിലാക്കുന്നു.

സാങ്കേതിക വിദ്യകൾ പഠനത്തിന് പ്രയോജനപ്പെടുത്തുന്നു.ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ശേഷികൾ കൈവരിക്കുന്നതിനു സചിത്ര ബുക്കുകൾ പ്രയോജനപ്പെടുത്തുന്നു.

പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി പിന്തുണ പ്രവർത്തനങ്ങൾ നൽകുന്നു.

പരിസര പഠനം

പ്രകൃതി നിരീക്ഷണം, പ്രകൃതിയിൽ നിന്നു കിട്ടുന്ന വസ്തുക്കൾ പ്രയോജനപ്പെടുത്തി കൊണ്ട് നിരീക്ഷണം, താരതമ്യം നടത്തി നിഗമനങ്ങളിൽ എത്തിച്ചേരുന്നതിനുള്ള കഴിവ് ആർജിക്കുന്നു.

ലഘു പരീക്ഷണങ്ങളിൽ ഏർപ്പെട്ടു നിഗമനങ്ങളിൽ എത്തിച്ചേരാൻ കഴിവ് ആർജിക്കുന്നു.

പഠിച്ച ആശയങ്ങളും വസ്തുതകളും ഉപയോഗിച്ച് പുതിയ കണ്ടുപിടിത്തങ്ങളും പരീക്ഷണങ്ങളും നടത്താൻ താല്പര്യപ്പെടുന്നു.

സയൻസ് ലാബ്, പരീക്ഷണ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൈവ വൈവിധ്യ പാർക്ക്, ശലഭ പാർക്ക്, കൃഷി എന്നിവ പ്രയോജനപ്പെടുത്തി ചുറ്റുമുള്ള ജൈവ വൈവിധ്യങ്ങളും തിരിച്ചറിഞ്ഞു പട്ടികപ്പെടുത്തുന്നതിനും ആശയങ്ങൾ രൂപീകരിക്കുന്നതിനും ഉള്ള കഴിവ് നേടുന്നു.

4S ന്റെ നേതൃത്വത്തിൽ പരിസര ശുചീകരണം, പ്ലാസ്റ്റിക് നിർമാർജനം, തൊഴിൽ പരിശീലനം , ക്യാമ്പ്, സന്നദ്ധ സേവനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിലൂടെ സമൂഹത്തോടുള്ള കടമയും ഉത്തരവാദിത്വവും അറിയുന്നു.

ഗണിതം

കളികളിലൂടെയും ഗണിത പാട്ടുകളിലൂടെയും ചിത്രങ്ങളിലൂടെയും ഗണിത പഠനം രസകരമാക്കൽ.

ഗണിത മാഗസിൻ, പതിപ്പുകൾ,പസിലുകൾ, പാറ്റേൺ , ജ്യാമിതീയ രൂപങ്ങൾ എന്നിവ നിർമ്മിക്കുന്നു.

പരിചിതമായ ക്ലാസ്സ് അനുഭവങ്ങളിലൂടെയും ചുറ്റുപാടുകളിൽ നിന്നും ഗണിത സാധ്യതകൾ തിരിച്ചറിയാൻ കഴിയുന്നു.

ഗണിത പഠന വുമായി ബന്ധപ്പെട്ട പഠനോപകാരണ നിർമാണ ശില്പശാലകൾ, പഠനോത്പന്നങ്ങളുടെ പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു.

ക്ലാസ്സ് 1

വിഷയം-ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷ ശേഷി വികസനം | 1. ക്ലാസ്സ് pta<br>2. ശില്പശാല (പഠനോപകരണനിർമാണം )<br>3. സചിത്ര പുസ്തകം<br>4. സംയുക്ത ഡയറി<br>5. വായന ദിന പ്രവർത്തനങ്ങൾ [illegible]<br>6. ഓണപ്പതിപ്പ്, ക്ലാസ്സ് pta, പാട്ടുപൂക്കളം<br>7. വായനോത്സവം<br>8. ക്ലാസ്സ് pta,ഭാഷോത്സവം (പാട്ടരങ്ങ്, കുട്ടിപത്രം, റീഡേഴ്സ് തീയേറ്റർ )<br>9. കുഞ്ഞെഴുത്ത്<br>10. രചനോത്സവം (ബാലസാഹിത്യ രചനകൾ ) | ജൂൺ<br><br>ജൂലൈ<br><br>ഓഗസ്റ്റ്<br>ഒക്ടോബർ<br>നവംബർ<br>ജനുവരി<br><br>ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ<br><br>Pta, കുട്ടികൾ, ടീച്ചർ<br><br>കുട്ടികൾ ടീച്ചർ, കുട്ടികൾ, രക്ഷകർത്താക്കൾ | Brc |

പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പരിസ്ഥിതി ദിനം, ചിത്ര രചന, പ്രകൃതി നടത്തം, തൂവൽ ആൽബം, ലഘു പരീക്ഷണം | ജൂൺ -ഓഗസ്റ്റ് | ക്ലാസ്സ് ടീച്ചർ | |
| ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന് | ജീവികളുടെ ചലന നിരീക്ഷണം,കൃഷിയിടം സന്ദർശനം, കൂടു നിരീക്ഷണം, ശേഖരണം | സെപ്റ്റംബർ -ഒക്ടോബർ | ക്ലാസ്സ് ടീച്ചർ, smc | |
| | ആഹാരങ്ങൾ, രുചികൾ ശീലങ്ങൾ ആഹാര ശീലങ്ങൾ പട്ടിക ആകാശ നിരീക്ഷണം സൂര്യനും ചന്ദ്രനും നക്ഷത്രം വരയ്ക്കാം മഴ വരയ്ക്കാം | നവംബർ - ജനുവരി | | |

വിഷയം -ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളും നിർമാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ഗണിത ശില്പശാല മഞ്ചാടി സഞ്ചി ഗണിത പാട്ടുകൾ ശേഖരണം, രചന | ജൂൺ -ഓഗസ്റ്റ് | ക്ലാസ്സ് ടീച്ചർ | |
| | ഗണിത കടങ്കഥ ശേഖരണം ഗണിത മാഗസിൻ | സെപ്റ്റംബർ -ഡിസംബർ | | |
| | ഉല്ലാസ ഗണിതം, ഗണിത കളികൾ ഉത്പന്നങ്ങളുടെ പ്രദർശനം | ജനുവരി-മാർച്ച് | | |

English

| Aims | Activities | Duration | Responsibility | Finance |
|---|---|---|---|---|
| To speak, read and write English without any mistakes | Sing&Dance (Action songs), Games, ICT | June-july | | |
| | Names of fruits &vegetables Identification of colours Animals(domestic, wild) | August-november | Class teacher | |
| | Drawing &colouring Body parts, personal hygiene | December -January | | |
| | My self, magazine making, exhibiting products | February - March | | |

ക്ലാസ് : 2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ലഘു ബാലസാഹിത്യ കൃതികൾ വായിക്കുകയും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുകയും ചെയ്യുന്നു | 1 പ്രവേശനോത്സവം<br>2 ക്ലാസ് പിടിഎ<br>3 മലയാള മധുരം കുട്ടിയും രക്ഷിതാവും ചേർന്ന വായന<br>4 സംയുക്ത ഡയറി<br>5 സചിത്ര പുസ്തകം<br>6 വായനാദിന പ്രവർത്തനങ്ങൾ ([illegible])<br>7 പാട്ടരങ്ങ്<br>പാഠഭാഗങ്ങൾ അവതരണം<br>വായന കാർഡുകൾ<br>8 ഭാഷോത്സവം<br>പാട്ടരങ്ങ്<br>9 റീഡേഴ്സ് തിയറ്റർ<br>ക്ലാസ്സ് പിടിഎ<br>10 ഭാഷോത്സവം<br>റീഡേഴ്സ് തിയേറ്റർ<br>11 നാട്ടുവിശേഷം, കൂട്ടെഴുത്ത് പ്രകൃതി നടത്തം , ഫീൽഡ് ട്രിപ്പ്<br>12 ക്ലാസ് പത്രം<br>13 ഭാഷോത്സവം<br>14 രചനോത്സവം<br>വ്യക്തിഗത രചനകൾ | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ<br>ജൂലൈ രണ്ടാം ആഴ്ച<br>മാർച്ച് | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | |

ക്ലാസ് 2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രണ്ടാം ക്ലാസിലെ കുട്ടികൾ 100 വരെയുള്ള സംഖ്യാ ബോധം, സംഖ്യകളെ വ്യാഖ്യാനിക്കൽ സങ്കലനം, വ്യവകലനം എന്നീ ഗണിതാശയങ്ങൾ ഉറപ്പിക്കൽ | മുന്നൊരുക്കം<br>ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു | | | |
| | ഒരുകൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി ആകെ എണ്ണം പറയൽ | ജൂൺ | ക്ലാസ് ടീച്ചർ | |
| | ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ | ജൂലൈ | | |
| | വിവിധ പാറ്റേണുകൾ രൂപീകരിക്കൽ | ആഗസ്റ്റ് | | |
| | ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ | സെപ്റ്റംബർ | | |
| | സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ<br>സ്ഥാന വില തിരിച്ചറിയൽ | നവംബർ | | |
| | സ്ഥാന വില പോക്കറ്റ് അബാക്കസ് നിർമിക്കൽ | ഡിസംബർ | | |
| | സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | ജനുവരി | ക്ലാസ് ടീച്ചർ | |
| | ഉല്ലാസ ഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ | ഫെബ്രുവരി | | |
| | കലണ്ടർ തയ്യാറാക്കൽ | മാർച്ച് | | |

CLASS: 2 ENGLISH

| AIMS | ACTIVITIES | DURATION | RESPONSIBILITY | INCOME |
|---|---|---|---|---|
| To speak read and write English without any mistakes | Pretest<br>To develop listening skills and reading skills<br><br>Listening skills<br><br>Games, action songs Hello English activities conversation ,skit stories ,use ICT | June-August | Class teacher | |
| | Speaking skills.<br><br>Description ,growing sentences, picture reading picture description and self introduction<br>Assembly activities,<br>Speech ,quiz ,riddles ,self introduction etc. | September-November | | |
| | Reading skills<br><br>Sentence cards, word cards ,library books ,find words ,rhyming words ,describing words<br>Textbook activities | December-January | Class teacher | |
| | Writing skills<br><br>Dairy, add more lines<br>Make word web<br>Picture description<br>Sentence chain | February-March | | |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## മലയാളം

ജി.എം.യു.പി. എസ്, ഇടവ

സുകന്യ. എസ്

ക്ലാസ് 3

ലക്ഷ്യങ്ങൾ:-

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.

കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.

രചനകൾ ഭവാത്മകമായി വായിക്കും.

